# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കവളങ്ങാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.7)1365/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 04/11/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കവളങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.7)1365/2023

തീയ്യതി: 04/11/2023

## എറണാകുളം ജില്ലയിലെ കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 14-08-2023 | 22-08-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-08-2023 | 22-08-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.പോളി റ്റി.ഒ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.റഷീദ് സി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.വിജു എം.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. നബീൽ മുഹമ്മദ് അബ്ബാസ്, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സൈജന്റ് ചാക്കോ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.കൃഷ്ണൻകുട്ടി | സെക്രട്ടറി | 01-04-2022 | 20-04-2022 |
| ഇ എൻ വിജയൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-04-2022 | 29-04-2022 |
| കൃഷ്ണൻകുട്ടി ഇ കെ | സെക്രട്ടറി | 29-04-2022 | 08-12-2022 |
| ഇ എൻ വിജയൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-12-2022 | 18-12-2022 |
| കൃഷ്ണൻകുട്ടി ഇ കെ | സെക്രട്ടറി | 19-12-2022 | 31-03-2023 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | ത[illegible] |
|---|---|---|---|
| ഇ എൻ വിജയൻ | അസി.സെക്രട്ടറി | 01-04-2022 | 3[illegible] |

| | | | |
|---|---|---|---|
| നസീമ ഇ.എം | അസിസ്റ്റൻറ് എൻജിനീയർ | 01-04-2022 | 1 |
| സുമ എ കുര്യാക്കോസ് | അസിസ്റ്റൻറ് എൻജിനീയർ | 14-09-2022 | 3 |
| സജി കെ എ | കൃഷി ഓഫീസർ | 01-04-2022 | 3 |
| ഡോ.ലുസീന ജോസഫ് | മെഡിക്കൽ ഓഫീസർ(എഫ്. എച്ച്. സി.) | 01-04-2022 | 1 |
| ഡോ. ദിവ്യ കെ | മെഡിക്കൽ ഓഫീസർ(എഫ്. എച്ച്. സി.) | 11-05-2022 | 2 |
| ഡോ.നിഷ കെ | മെഡിക്കൽ ഓഫീസർ(എഫ്. എച്ച്. സി.) | 25-11-2022 | 3 |
| ഡോ.ലാൽജി മാത്യു | വെറ്ററിനറി സർജൻ | 01-04-2022 | 3 |
| ഡോ.അജി കെ എസ് | മെഡിക്കൽ ഓഫീസർ.ആയ്യൂർവേദം | 01-04-2022 | 3 |
| ഡോ.പ്രദീപ്.കെ.ആർ | മെഡിക്കൽ ഓഫീസർ.ഹോമിയോ | 01-04-2022 | 3 |
| സതീഷ് ബാബു റ്റി കെ | ഹെഡ്മാസ്റ്റർ, ജി.യു.പി.എസ്, തലക്കോട് | 01-04-2022 | 3 |
| ബിന്ദു എ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 3 |
| സന്തോഷ് പി എം | വി.ഇ.ഒ (നെല്ലിമറ്റം) | 01-04-2022 | 3 |
| സന്തോഷ് പി എം | വി.ഇ.ഒ (നേര്യമംഗലം) | 01-04-2022 | 0 |
| സച്ചിൻ എൽദോ | വി.ഇ.ഒ (നേര്യമംഗലം) | 05-12-2022 | 3 |
| എലിസബത്ത് സി. ജോർജ്ജ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 3 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഇൻകം & എക്സ്പെൻ്റിചർ അക്കൗണ്ടിലെ ബാലൻസ് തുകയല്ല ഈ വർഷത്തെ പഞ്ചായത്ത് ഫണ്ടായി ബാലൻസ് ഷീറ്റിൽ വരുന്നത് | 1-1-1 |
| 3 | വെവ്വേറെ ബാങ്ക് ബുക്കുകൾക്ക് ഒരേ അക്കൗണ്ട് ഹെഡ് നൽകുന്നത് | 1-1-2 |
| 4 | ബാലൻസ് ഷീറ്റ് പ്രകാരം ലഭിക്കാനുള്ള നികുതി കുടിശികയും അതാത് രജിസ്റ്ററുകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ബജറ്റ് | 1-2 |
| 6 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെൻ്റ് പ്രകാരം ) | 1-3 |
| 7 | ഗ്രാൻ്റ് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം. | 1-5 |
| 9 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമപദ്ധതികൾ | 1-7 |
| 11 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിൻ്റെ വിവരം | 1-10 |
| 14 | തനത് വരുമാനം- അവലോകനം | 1-11 |
| 15 | ഹോമിയോ - മരുന്നുകൾ ലഭ്യമായിട്ടില്ല | 1-12 |
| 16 | നേര്യമംഗലം ഷോപ്പിംഗ് കോംപ്ലക്സ് - ഒന്നാം നില നിർമ്മാണം അപാകതകൾ | 1-13 |
| 17 | ഉത്തരവിന് വിരുദ്ധമായി തുക നൽകി | 1-14 |
| 18 | വെള്ളക്കരകുടിശ്ശിക - വാർഷിക പിഴപ്പലിശ 24%. | 1-15 |
| 19 | മരുന്ന് ലഭ്യമാക്കിയിട്ടില്ല. | 1-16 |
| 20 | വക്കീൽ ഫീസ് - ആദായ നികുതി ഈടാക്കിയില്ല. | 1-17 |

| | | |
|---|---|---|
| 21 | വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങൽ രേഖകൾ ഹാജരാക്കിയില്ല | 1-18 |
| 22 | പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ വാങ്ങി-വിതരണ രേഖയില്ല | 1-19 |
| 23 | എസ്.പി.സി - ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കുവാനാകാത്ത പദ്ധതിക്ക് തുക നല്കി. | 1-20 |
| 24 | വികസന ഫണ്ട് കണ്ടിജൻസി ചെലവുകൾക്ക് ഉപയോഗിച്ചു. | 1-21 |
| 25 | വി ഇ ഒ - ഫയൽ സൂക്ഷിപ്പ് ചട്ടപ്രകാരമല്ല. | 1-22 |
| 26 | റോഡ് കട്ടിംഗ് - ഫീസ് ഈടാക്കിയതിൽ കുറവ് - 3010 രൂപ നഷ്ടം | 1-23 |
| 27 | ഇലക്ട്രിക്ക് വാഹനം - നിഷ്ക്രിയ ആസ്തി ആകാതിരിക്കാൻ നടപടി സ്വീകരിക്കണം | 1-24 |
| 28 | അങ്കണവാടി നിർമ്മാണം നം 29- പണി പൂർത്തിയാക്കിയിട്ടില്ല. | 1-25 |
| 29 | കുടിവെള്ള പ്രൊജക്ട് - പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. | 1-26 |
| 30 | മരങ്ങൾ ലേലം ചെയ്തിട്ടില്ല. മരം നഷ്ടപ്പെട്ടത് അന്വേഷിക്കേണ്ടതാണ്. | 1-27 |
| 31 | ലേലം ചെയ്ത മരം അളവ് കണക്കാക്കിയത് എപ്രകാരം എന്ന് വ്യക്തമല്ല | 1-28 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | എസ്.പി.സി-ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കുവാനാകാത്ത പദ്ധതിക്ക് തുക നല്കി. | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുന്നതിന് അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാല നിർദ്ദേശങ്ങളും അനുസരിച്ച് **26.06.2023 ലെ (1)** -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീര പ്രകാരം തയ്യാറാക്കി **27.06.2023-ാം** തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്ക സമർപ്പിക്കപ്പെട്ടിട്ടുള്ള **കവളങ്ങാട്** ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസ വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പ പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചാ രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡി അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് ഉത്തരവാദിത്തം.

2.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങ അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പ പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പ പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളി പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ട മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങള അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനു റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടു

**വിശേഷണങ്ങളോട്ടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാന വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയ **കവളങ്ങാട്** ഗ്രാമപഞ്ചായത്തിന്റെ **2022-23** വർഷത്തേക്കുള്ള വാർഷിക സാമ്പ

പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കു
സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: കാക്കനാട്**

**തീയതി: 04.11.2023** **ഡെപ്യൂട്ടി ഡയറക്ടർ**

### 1-1-1 ഇൻകം & എക്സ്പെന്റിചർ അക്കൗണ്ടിലെ ബാലൻസ് തുകയല്ല ഈ വർഷത്തെ പഞ്ചായത്ത് ഫണ്ടായി ബാലൻസ് ഷീറ്റിൽ വരുന്നത്

ഇൻകം & എക്സ്പെന്റിചർ അക്കൗണ്ടിലെ ബാലൻസ് തുകയല്ല ഈ വർഷത്തെ പഞ്ചാ
ഫണ്ടായി ബാലൻസ് ഷീറ്റിൽ വരുന്നത്.

### 1-1-2 വെവ്വേറെ ബാങ്ക് ബുക്കുകൾക്ക് ഒരേ അക്കൗണ്ട് ഹെഡ് നൽകുന്നത്

വെവ്വേറെ ബാങ്ക് ബുക്കുകൾക്ക് ഒരേ അക്കൗണ്ട് ഹെഡ് നൽകിയിട്ടുള്ളതിനാൽ ബാലൻസിൽ പല ബാങ്ക് ബുക്കുകളുടേയും തുകകൾ ഒരുമിച്ചാണ് വരുന്നത്. ആയത് ഓരോ ബാങ്ക് ബുക്കിന്റേയും ക്ലോസ്സിംഗ് ബാലൻസാണോ അടുത്ത വർഷം ഓപ്പ
ബാലൻസായി എടുത്തിരിക്കുന്നത് എന്ന് പരിശോധിക്കാനാകുന്നില്ല.

### 1-1-3 ബാലൻസ് ഷീറ്റ് പ്രകാരം ലഭിക്കാനുള്ള നികുതി കുടിശികയും അതാത് രജിസ്റ്ററുകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് പ്രകാരം ലഭിക്കാനുള്ള നികുതി കുടിശികയും അതാത് രജിസ്റ്ററുക
തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-2 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 30.03.2022 ലെ 1(1)-ാം നമ്പർ തീരുമാനപ്ര
ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ബജറ്റ് 10.03.2023ലെ 03(1)-ാം
തീരുമാനപ്രകാരം ഭരണസമിതി പുതുക്കി അംഗീകരിച്ചിട്ടുണ്ട്. 2022-23 വർഷത്തെ പുതു
ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | രസീറ്റ് & പേയ്മെന്റ് പ്രകാരമുള്ളവരവ് -ചെലവ് കണക്കുകൾ | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 21344818.00 | 37090094.00 | (-) 15745276.00 |
| വരവ് | 292878308.00 | 65351143.00 | 227527165.00 |
| ആകെ | 314223126.00 | 102441237.00 | 211781889.00 |
| ചെലവ് | 291408998.00 | 62214521.00 | 229194477.00 |
| നീക്കിയിരിപ്പ് | 22814128.00 | 40226716.00 | 17412588.00 |

ഇ.എഫ്.എം.എസ് വഴി മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി 2.4കോടി രൂപയും, പദ്ധതികൾക്കായി ഡി.ബി.റ്റി വഴി 4.85 കോടി രൂപയും, വികസനഫണ്ട്, മെയിന്റ( ഗ്രാന്റ് പ്രകാരമുള്ള ₹4.31/-എന്നിവ ലഭിച്ചതുൾപ്പെടെ തനത് സാമ്പത്തിക വർഷത്തെ വാ( ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയാലും ബജറ്റും വാർഷിക ധനകാര്യപത്രികയും ത കണക്കിൽ അന്തരമുണ്ട്. വാർഷിക കണക്കുകൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്ക പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 37090094.00 |
| വരവ് | 65351143.00 |
| ആകെ | 102441237.00 |
| ചെലവ് | 62214521.00 |
| നീക്കിയിരിപ്പ് | 40226716.00 |

ഈ പത്രികയിലെ ഗ്രാമപഞ്ചായത്തിന്റെ വരവ്-ചെലവുകൾ റസീപ്റ്റ് & പെ( അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടി( ഗ്രാന്റുകളുടെയും മറ്റ് വരവ്-ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 23638230 | 23638230 | 22997225 | 641005 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 7076000 | 7076000 | 6994435 | 81565 |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 485000 | 485000 | 461308 | 23692 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 6013000 | 6228000 | 12241000 | 5772282 | (ബാങ്കിൽ നീക്കിയിരുപ്പ് 6468718 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | | 2943020 | 2943020 | 507050 | 2435970 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(ബേസിക്) | 0 | 112243 | 112243 | 112243 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(ബേസിക്) | 2439578 | 4152000+ 432033(പലിശ) =4584033 | 7023611 | 3521788 | 3501823 (ബാങ്കിൽ നീക്കിയിരുപ്പ് |
| മെയിന്റനൻസ് ഫണ്ട് (റോഡ് ) | 0 | 11753000 | 11753000 | 11753000 | 0 |
| മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ് ) | 0 | 7899000 | 7899000 | 5958640 | 1940360 |
| സാക്ഷരത | 14797 | 404 | 15201 | 0 | 15201 |

| | | | | | |
|---|---|---|---|---|---|
| അംഗൻ വാടി പൂരക പോഷകാഹാരം | 0 | 1599088 | 1599088 | 532710 | 1066378 |
| ശുചിത്വമിഷൻ (320100198) | 37638 | 0 | 37638 | 0 | 37638 |
| വിമുക്തി(320300199) | 44071 | 4515 | 48586 | 9030 | 39556 |
| ലൈഫ് ഭവന പദ്ധതി (320200399) | 40000 | 5400000 | 5440000 | 40000 | 5400000 |
| സമ്പൂർണ്ണ ശുചിത്വം (320100182) | 0 | 2163579 | 2163579 | 2163579 | 0 |
| ഹെൽത്ത് ഗ്രാന്റ് (320100204) | 0 | 203910 | 203910 | 90476 | 113434 |
| ഹെൽത്ത് ഗ്രാന്റ് (320100202) | 0 | 351523 | 351523 | 232422 | 119101 |

വികസന ഫണ്ടിൽ(പൊതുവിഭാഗം) നിന്ന് ജി.ഒ. പ്രോജക്ടായി ലൈഫ് ഭവന പദ്ധതിക അങ്കണവാടി ജീവനക്കാരുടെ വേതനമിനത്തിലുമായി യഥാക്രമം ₹1317849, ₹1314000 (( 2634849) യും, വികസന ഫണ്ടിൽ (എസ്.സി.പി) നിന്ന് ജി.ഒ പ്രോജക്ടായി ₹67388 വികസന ഫണ്ടിൽ (ടി.എസ്.പി) നിന്ന് ജി.ഒ പ്രോജക്ടായി ₹237145 യും ചെലവഴിച്ച ഈ തുകകളും ഫണ്ട് വിനിയോഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ക്യാ കോൺട്രിബ്യൂഷനായി മാറ്റിയ തുകകളും ബന്ധപ്പെട്ട ഫണ്ട് വിനിയോഗ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തിയാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 228 | 313553271 | 157 | 87155655 | 49 | 22 | 68.85% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിി |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 17766 | 360225 | 377991 | 354168 | 23 |
| മൂലധനനിക്ഷേപം | | 2743825 | 2743825 | 2743825 | |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 24092184 | 24092184 | 24092184 | |
| ആകെ | 17766 | 27196234 | 27214000 | 27190177 | 23 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| | | |

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 8313600 | 764 |
| വിധവാപെൻഷൻ | 12313200 | 1147 |
| വാർദ്ധക്യകാലപെൻഷൻ | 23215000 | 2146 |
| വികലാംഗപെൻഷൻ | 4058000 | 367 |
| വിവാഹധനസഹായം | | 0 |
| 50 വയസ്സിന മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 698600 | 73 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ‹ ബാലൻസ് പരിശോധന 16.08.2023 തീയതിയിൽ ഉച്ചയ്ക്ക് 3.30 P.M സമയത്ത് സ്ഥ തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹ 28434 ന്റെ ‹ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർ‹ സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.7.2009 ലെ 123/09 നമ്പർ ഉത്തരവ് പ്രകാരം നില വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ള കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യ നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെ ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്ന

2. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്ക തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചിക നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചിക നിന്നും ലഭ്യമാകുന്നില്ല.

3. ഫ്രണ്ട് ഓഫീസിൽ കറണ്ട് ഫയൽ ജനറേറ്റ് ചെയ്യുമ്പോൾ മാത്രമേ നിലവിൽ സൂചിക എൻട്രി വരുന്നുള്ളൂ. തീർപ്പു കൽപ്പിക്കുന്നതും വെരിഫിക്കേഷനും സംബന്ധിച്ച എൻ‹ സൂചികയിൽ പ്രതിഫലിക്കുന്നില്ല. ബാക്ക് ഓഫീസ് സംവിധാനം സൂചിക പൂർണ്ണതോതിൽ പ്രവർത്തിക്കാത്തതിനാൽ ഫയലുകൾ അതത് സെക്ഷനു പെന്റിംഗായി കാണിക്കുന്നു.

4. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. ബി.7 ഷെഡ്യൂളിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ ഉണ്ടെങ്കിൽ ആയത് പഞ്ചാ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനാവശ്യമായ സമയോചിതമായ നടപ കൈക്കൊള്ളേണ്ടതാണ്

6. എഗ്രിമെന്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

**7. മോണിട്ടറിങ്ങ്**

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്റ്റ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തന മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭ ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരു പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചാ നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവി കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാ കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.08.2019 | 01.06.19 മുതൽ 31.07.19 വരെ | 06.08.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.01.2014 മുതൽ 18.01.2014 വരെ | 2008-09 മുതൽ 2012-13വരെ | 12.03.2014 |

## 1-11 തനത് വരുമാനം- അവലോകനം

എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിൽ കോതമംഗലം ബ്ലോക്കിൽ 59.91 ച കിലോമീറ്റർ വിസ്തൃതിയോടെ ആകെ 18 വാർഡുകളിലായി വ്യാപിച്ചാണ് കവള ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. തനതുവരുമാനങ്ങളായ നികുതി, ഫീസ്, ലേലതുക തുടങ്ങി നികുതി-നികുതിഇതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സ

സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ.ഉ 25/2023/തസ്വഭവ ; 05.04.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിര കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയ പുതുക്കിയ വസ്തുനികുതി നിരക്ക് പ്രാബല്യത്തിൽ വരുന്ന തീയതി 01.04.2023 മുത ഇപ്രകാരം പുതുക്കിയ പരിധിയിൽ നിന്ന് കവളങ്ങാട് ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന നികുതി പുതുക്കിയ നിരക്കിൽ അന്തിമ വിജ്ഞാപനം തയ്യാറാക്കി സഞ്ചയ സോഫ്റ്റ്വെ നികുതി സ്വീകരിച്ച് നികുതി വരവ് മെച്ചപ്പെടുത്താവുന്നതാണ്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്ര ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ സെ പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരു വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്ര പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്കുപ്പ സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഒ നടത്തണം. കൂടാതെ 2011ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികു സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. അ ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

2011 ലെ കേരള ഗ്രാമപഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാ ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള ഫോറം-10 ൽ അനധികൃത നിർമ്മാണങ്ങൾ സംബ രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകുമ്പോ എന്നും അനധികൃതനിർമ്മാണം കണ്ടെത്തിയ വർഷവും രേഖപ്പെടുത്തേണ്ടതാണ്. സ്വയംഭരണ (ആർ.എ) വകുപ്പ് നം.29342/RA1/2014 തീയതി 19.05.2014 പ്രകാരം അന നിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തദ്ദേശ സ്വയംഭരണ സ്ഥ സൂക്ഷിക്കേണ്ടതും അനധികൃത നിർമ്മാണങ്ങൾ സർക്കാരിന്റെ വെബ്സൈ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കേണ്ടതും ചട്ടലംഘന പരിഹരിച്ച ശേഷം കെട്ടിടം നിയമാനുസൃതമാകുമ്പോഴും പ്രസ്തുത രജി രേഖപ്പെടുത്തേണ്ടതും സെക്രട്ടറി ഓരോ മാസത്തിന്റെയും അവസാനത്തെ ആഴ്ച പ്രസ്തുത ര പരിശോധിക്കേണ്ടതുമാണ്. അത്തരത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഏതെ കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കു അത് വകുപ്പ് 233, ഉപവകുപ്പ് 2 ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യ ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെ

പൊളിച്ചു മാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നെ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർ തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് അനുശാസിക്കുന്നു. ഇപ്രകാരം UA നമ്പർ നൽകി വസ്തുനികുതി ഈടാക്കി വരുന്ന കെട്ടിട വിവരങ്ങൾ UA രജിസ്റ്ററിൽ കാലികമാക്കി തനത് വരുമാനം മെച്ചപ്പെടുത്താവുന്നതാണ്.
കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ച 2018.(SRO No.96/2018;15.02.2018) പ്രകാരം 31.07.2017 ന മുമ്പുള്ള അനധികൃത നിർമ്മാണ സർക്കാർ തീരുമാനിച്ച ബേസിക് കോമ്പൗണ്ടിംഗ് ഫീയും അഡീഷണൽ കോമ്പൗ ഫീയും അടവാക്കിക്കൊണ്ട് നിയമാനുസൃതമാക്കാൻ പൊതുജനങ്ങൾക്ക് അ നൽകിയിരുന്നു. ചട്ടം 18 പ്രകാരം ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിട വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സെക്രട്ടറി തയ്യാറാക്കണമെന്നു നിർദ്ദേശിച്ച ചട്ടം 17 പ്രകാരം ട്രഷറിയിൽ അടവാക്കിയ കോമ്പൗണ്ടിംഗ് ഫീയുടെ വിശദാം രേഖപ്പെടുത്തേണ്ട രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം നിയമാനുസൃതമാ കെട്ടിടങ്ങളുടെ ഫയലുകളും മേൽ രജിസ്റ്ററുകളും ഓഡിറ്റിനു ലഭ്യമാക്കിയില്ല. ട്രഷറ അടവാക്കിയ കോമ്പൗണ്ടിംഗ് ഫീയുടെ വിശദാംശങ്ങൾ കാലികമായി രജി രേഖപ്പെടുത്തവുന്നതാണ്.

വാടക കെട്ടിടങ്ങൾ, ലീസ് ഓഫ് ലാന്റ് (ചാൽ) ഉൾപ്പെടുന്ന ആസ്തികൾ പഞ്ചായ സ്വന്തമായിട്ടുണ്ട്. തനത് ഫണ്ട് സമാഹരണത്തിന്റെ ഭാഗമായി പ്രധാന സ്ഥലങ്ങൾ, കെട്ടി കൂടുതൽ കര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിലൂടെ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക കൂടുതൽ മെച്ചപെടുത്താൻ സാധിക്കും. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആ ചാലുകളുടെ ലേലം, കരാറിന്റെ സമയോചിതമായ പുതുക്കൽ അല്ലെങ്കിൽ വാർഷിക വർ സംവിധാനം നടപ്പിലാക്കാൻ ശുപാർശ ചെയ്യുന്നു.
കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെ ഉത്തരവാദിത്വം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബ റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതരവരവുകൾ പിരിച്ചെടുക്കുന്നത് യഥാ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. 01-06-2022 ലെ (കൈ) നം.117/2022/LSGD പ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും, കുടിശ്ശിക കാല സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ ആൾക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കി വർഷാവർഷം പുതുക്കുന്നതിലൂടെ പ്രൊഫഷണൽസ്, മരാമത്ത് കരാറുകാർ, കച്ചവടസ്ഥാപനങ്ങളിലെ തൊഴിലാളികൾ എന്നിവരുടെ തൊഴിൽ നികുതി കൃത്യമായി ഈടാ സാധിക്കുന്നു. സ.ഉ (പി) നം. 78/2017/ത സ്വഭവ തീയതി 31.10.2017 ഭേദഗതി ചട്ടങ്ങൾ ചട്ടം പ്രകാരം തൊഴിൽ നികുതി അടക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം പ്രോത്സാഹിപ്പ ശ്രദ്ധിക്കേണ്ടതാണ്.

ജനാധിപത്യ സമൂഹത്തിന്റെ വികസനപ്രക്രിയ എന്നത് ഒരു സംയോജിത പ്രവർത്തന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സർവോപരി സാമാന്യ ജനസമൂഹവും ചേർ വികസന പ്രക്രിയയ്ക്ക് രൂപം കൊടുക്കുന്നതും ഇത്തരം പ്രവർത്തനങ്ങളുടെ വിജയക നടത്തിപ്പിന് തനത് വരുമാനം വർദ്ധിപ്പിക്കുക എന്നത് അനിവാര്യമായതിനാൽ ഇ വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിര ഭാഗത്തുനിന്നും ഊർജ്ജിതപ്പെടുത്താവുന്നതാണ്.

## 1-12 ഹോമിയോ - മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് | ഹോമിയോ ആശുപത്രിക്ക് മരുന്ന്, കുപ്പി, കവർ എന്നിവ വാങ്ങുന്നതിന് |
| പ്രോജക്ട് നം. | S0026/2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി, കവളങ്ങാട് |
| അടങ്കൽ | 5,00,000/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം) |
| ചെലവ് | 5,00,000/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം) |
| ബിൽ റഫറൻസ് നം./ തീയതി | 221208520985011926O9 / 15.02.2023 |

മേൽ വിശദീകരിച്ച ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം കേരള ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, പാതിരപ്പള്ളി സ്ഥാപനത്തിന് 15.02.2023 ന് 5,00,000/- രൂപ നല്കിയിട്ടുണ്ട്, എന്നാൽ മരു നാളിതുവരെ ലഭ്യമായിട്ടില്ലാത്തതായി കാണുന്നു. ചെലവ് തുകയ്ക്ക് ആനുപാതികമായ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് 18.08.20 നൽകിയ 14-ാം നമ്പർ അന്വേഷണകുറിപ്പിന് ലഭ്യമായ മറുപടിയിൽ തുക നൽകിയത് ഫെബ്രുവരി മാസത്തിലാണെന്നും കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പ ഫാർമസി ലിമിറ്റഡിൽ നിന്നും മരുന്ന് ലഭ്യമാക്കുന്നതിലുള്ള സാങ്കേതിക കാലതാമസ കാരണമെന്നും വിവരിക്കുന്നു. ആയതിനാൽ മരുന്ന് ലഭ്യമാക്കുന്ന മുറയ്ക്ക് വിവരം രേ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയതു വരെ 5,00,000/- രൂപ ഓഡ തടസ്സപ്പെടുത്തുന്നു.

## 1-13 നേര്യമംഗലം ഷോപ്പിംഗ് കോംപ്ലക്സ് - ഒന്നാം നില നിർമ്മാണം അപാകതകശ

| | |
|---|---|
| പ്രൊജക്ട് നം | S 0057/23 |
| പ്രവൃത്തി | നേര്യമംഗലം ഷോപ്പിംഗ് കോംപ്ലക്സ് - ഒന്നാം നില നിർമ്മാണം |
| കരാറുകാരൻ | പി ടി പൗലോസ് |
| എഗ്രിമെന്റ് | 1/AE/Lsgd/22-23 Dtd 28-4-22 |
| | |

| | |
|---|---|
| എം ബുക്ക് | 31/21-22 |
| എസ്റ്റിമേറ്റ് | 20,00,000/- |
| ആകെ പ്രവൃത്തി | 19,61,744/- (Bill No. 428/ 29-3-23 ₹ 3,68,394/-, Bill No. 163/11-1-23 ₹ 15,93,350/-) |

നേര്യമംഗലം ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിന്റെ ഒന്നാം നില നിർമ്മിക്കുകയാണ് പ്ര ഇതിൽ RCC Frame Structure ആണ് പണിയുന്നത് കൂടാതെ സോളിഡ് ബ്ലോക്ക് ഉപയോ ഭിത്തി നിർമ്മിക്കുകയും അതിന്റെ പ്ലാസ്റ്ററിംഗ് കൂടാതെ ജനലുകളും വാതിലുകളും ഉൾപ്പെ പ്രവൃത്തിയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

എസ്റ്റിമേറ്റ് പ്രകാരം കോളം പ്രവൃത്തിയും ബീമും ലിന്റിലും റൂഫിംഗും ഉൾപ്പെടെ ആകെ കണക്കാക്കിയത് 46.357/$M^3$ ആണ്. ഇതിന് ആവശ്യമായ കമ്പിയുടെ തൂക്കം 4850.6 ആണ്(104.637kg Per $M^3$). എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായ കമ്പിയുടെ കണക്കാക്കിയത് ഒരു $M^3$– ന് 104.637 Kg കമ്പിയാണ്. എം ബുക്ക് പ്രകാരം ആവശ കമ്പിയുടെ അളവ് കണക്കാക്കി തുക നൽകിയത് ഒരു $M^3$ – ന് 127.36 Kg കമ്പിയാണ്.

ഈ പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം ആകെ RCC 43.651 $M^3$ മാത്രമാണ്. എ ഇതിനായി ഉപയോഗിച്ചിരിക്കുന്ന കമ്പിയുടെ അളവ് 5559.529 Kg ആണ്. നൽകിയ 5559.529kg X 98.30/Kg = 5,46,501.70/-. ഈ പ്രവൃത്തിയുടെ ഫസ്റ്റ് & പാർട്ട് ബില്ല് പ്ര കമ്പിയുടെ അളവ് എസ്റ്റിമേറ്റ് അളവിൽ ലിമിറ്റ് ചെയ്ത് നൽകുകയും പിന്നീട് സെക്ക ഫൈനൽ ബില്ല് പ്രകാരം ഉപയോഗിച്ച മുഴുവൻ കമ്പിയുടേയും തുക നൽകുക ചെയ്തിരിക്കുന്നത്.

എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സോളിഡ് ബ്ലോക്ക് ഉപയോഗിച്ചുള്ള പാ നിർമ്മാണവും കൂടാതെ ജനലുകളും വാതിലുകളും ഉൾപ്പടെയുള്ള പ്രവൃത്തികൾ ചെയ്തിട്ടില്ല.

ഓഡിറ്റ് പരാമർശങ്ങൾ

1. ഈ പ്രവൃത്തി മുഴവൻ പണിയാതെ ഭാഗികമായി പണിതതിന്റെ കാരണം വ്യക്തമല്ല.

2. ഈ പ്രവൃത്തിയുടെ ഫസ്റ്റ് & പാർട്ട് ബില്ല് പ്രകാരം കമ്പിയുടെ അളവ് എസ്റ്റിമേറ്റ് അ ലിമിറ്റ് ചെയ്ത് നൽകുകയും പിന്നീട് സെക്കന്റ് & ഫൈനൽ ബില്ല് പ്രകാരം ഉപയോഗിച്ച കമ്പിയുടേയും തുക നൽകുകയും ചെയ്തതിന്റെയും, ഇത്രയും അധികം കമ്പി ഉപയോഗിക്ക കാരണവും വ്യക്തമാക്കേണ്ടതാണ്.

3. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സോളിഡ് ബ്ലോക്ക് ഉപയോഗിച്ചുള്ള പാ നിർമ്മാണവും കൂടാതെ ജനലുകളും വാതിലുകളും ഉൾപ്പടെയുള്ള പ്രവൃത്ത ചെയ്യാതിരുന്നതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 15 തീയതി 18/8/23 – ന് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വ്യക്തമായ മറുപടി നൽകേണ്ടതാണ്.

**1-14 ഉത്തരവിന് വിരുദ്ധമായി തുക നൽകി**

| | | | |
|---|---|---|---|
| പ്രൊജക്ട് നമ്പർ | എസ്. 0006/23 | | |
| പ്രൊജക്ടിന്റെ പേര് | അങ്കണവാടി അനുപൂരക പോഷകാഹാരം | | |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | | |
| അടങ്കൽ | വികസന ഫണ്ട് (പൊതുവിഭാഗം) 2383199/-<br>കേന്ദ്രാവിഷ്കൃത ഫണ്ട് 2700000/-,<br>ആകെ 5083199/- | | |
| ചെലവ് | ബിൽ നം | തീയതി | തുക |
| | 22120852098300201175 | 15.06.22 | 573238 |
| | 22120852098300569064 | 24.09.22 | 470872 |
| | 22120852098300677003 | 21.10.22 | 493628 |
| | 22120852098300873246 | 07.12.22 | 565593 |
| | 22120852098301028342 | 11.01.23 | 130226 |
| | 22120852098301199962 | 16.02.23 | 149642 |
| | 494297 | 29.03.23 | 410965 |
| | 494297 | 27.03.23 | 121745 |
| **ആകെ ചെലവ്** | | | **2915909** |

17.06.2021 ലെ കേന്ദ്ര സർക്കാരിന്റെ 149/05/2021-GST സർക്കുലറിനെ അടിസ്ഥാന ഐ.സി.ഡി.എസിന് സപ്ലൈകോ നടത്തുന്ന വില്പനയ്ക്ക് നികുതി ഒഴിവാക്കി കൊണ്ട് സ വെയറിൽ ആവശ്യമായ മാറ്റം വരുത്തുവാൻ നിഷ്ക്കർഷിച്ചിട്ടുണ്ട്. ആയ അടിസ്ഥാനത്തിൽ സപ്ലൈകോ വഴി വാങ്ങുന്ന നിലക്കടല, എണ്ണ, നുറുക്ക് ഗോതമ്പ് എന ജി.എസ്.റ്റി നല്കിയിരുന്നില്ല. എന്നാൽ 02.11.2021ലെ സെൻട്രൽ ജി.എസ്.റ്റി. & സെ എക്സൈസ് പ്രിൻസിപ്പൾ കമ്മീഷണറുടെ GEXCOM/TECH/GST/1008/2021-TECH-O/ COMMER-CGST KOCHI നമ്പർ കത്ത് പ്രകാരം ഐ.സി.ഡി.എസിന് നടത്തുന്ന വില്പന നികുതി ഈടാക്കുവാൻ ആവശ്യമായ മാറ്റങ്ങൾ സോഫ്റ്റ്വെയറിൽ വരുത്തണ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ കത്തിനെ അധികരിച്ച് നേര്യംമഗലം സപ്ലൈകോ സെയിൽസ്മാൻ (ഇൻചാർജ്), സപ്ലൈകോ സൂപ്പർ മാർക്കറ്റ് കവളങ്ങാട് ഗ്രാമ പഞ്ചായത ഐ.സി.ഡി.എസ് സൂപ്പർവൈസറിന് 21.07.2022 ൽ നല്കിയ കത്ത് പ്രകാരം " 2021 ഒ മാസം സപ്ലൈകോയിൽ നിന്ന് വിതരണം ചെയ്ത നിലക്കടല, എണ്ണ, നുറുക്ക് ഗ എന്നിവയ്ക്ക് ജി.എസ്.റ്റി ഉൾപ്പെടുത്താതെയാണ് ബിൽ ചെയ്തിരിക്കുന്നതെന്നും ആയ ജി.എസ്.റ്റി ഉൾപ്പെടുന്ന തുക ഐ.സി.ഡി.എസ് സൂപ്പർവൈസർ, നേര്യമംഗലം നല്കണമെ ആവശ്യപ്പെട്ട് കൊണ്ട് താഴെ ചേർത്തിരിക്കുന്ന പ്രകാരം വാങ്ങിയ സാധന സാമഗ്രി കണക്കും നികുതി വിവരങ്ങളും ചേർത്ത് നല്കി.

| ക്രമനം | ഐറ്റം | കി ഗ്രാം | നികുതിയില്ലാത്ത തുക | 5% നികുതിയോട് കൂടിയ തുക | അധികം നൽകേണ്ട നികുതി തുക |
|---|---|---|---|---|---|
| 1 | സ്വാമീസ് ബ്രോക്കൺ ഗോതമ്പ് | 1825kg | 126527 | 132860 | 6333 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2 | സ്വാമീസ് നിലക്കടല | 420kg | 67527 | 70904 | 3377 |
| 3 | എണ്ണ | 257kg | 48298 | 50713 | 2415 |
| | ആകെ | | | | 12125 |

കവളങ്ങാട് ഗ്രാമ പഞ്ചായത്തിലെ ഐ.സി.ഡി.എസ് സൂപ്പർവൈസറിന് 21.07.2022 ൽ ( കത്ത് പ്രകാരം ₹12125/- ജി.എസ്.ടി. ഇനത്തിൽ അധികം നല്കണമെന്നാവശ്യപ്പെ 21.10.22ലെ 221208520983006770003 നമ്പർ ബില്ലിൽ ഉൾപ്പെടുത്തി പ്രസ്തുത തുക നല്കിയ ഇതുമായി ബന്ധപ്പെട്ട് താഴെ ചേർത്തിട്ടുള്ള പരാമർശങ്ങൾക്ക് വിശദീക നൽകേണ്ടതാണ്.

1) 02.11.2021 ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച സ്പഷ്ടീകരണത്തിൽ മു( പ്രാബല്യത്തെക്കുറിച്ച് സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ 2021 ഒക്ടോബർ മാസം സപ്ലൈകോ നിന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടത്തിയ വാങ്ങലുകൾക്ക് മേൽ പ്രകാരം ₹1: അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്

2) 2021 ഒക്ടോബർ മാസം സപ്ലൈകോയിൽ നിന്നുള്ള വാങ്ങൽ സംബന്ധിച്ചിട്ടുള്ള ബില്ല തുക അനുവദിച്ചതിന്റെ വിവരങ്ങളോ ഫയലിൽ നിന്ന് ലഭ്യമല്ല.

മേൽ വിവരങ്ങൾ ആവശ്യപ്പെട്ട് കൊണ്ട് 17.08.2023 ൽ നല്കിയ 5-ാം നമ്പർ ഒ അന്വേഷണക്കുറിപ്പിന് നികുതി ഈടാക്കാത്ത വില്പനകളിൽ നിന്ന് ന ഈടാക്കേണ്ടതാണെന്നും ആയത് ജി.എസ്.ടി വകുപ്പിലേക്ക് അടവാക്കേണ്ടതാ( കാണിച്ച് കൊണ്ടുള്ള സപ്ലൈകൊ അഡിഷണൽ ജനറൽ മാനേജറിന്റെ (ഫിനാൻസ്) ഹാജരാക്കുകയാണ് ചെയ്തിട്ടുള്ളത്. കൂടാതെ മേൽ പരാമർശിച്ചിട്ടുള്ള വാങ്ങലുകളുടെ ബി( ഹാജരാക്കി. എന്നാൽ 02.11.2021ലെ സെൻട്രൽ ജി.എസ്.റ്റി & സെൻട്രൽ എ( പ്രിൻസിപ്പൾ കമ്മീഷണറുടെ GEXCOM/TECH/GST/1008/2021-TECH-O/O-Pr-COMMER KOCHI നമ്പർ കത്ത് പ്രകാരം ജി.എസ്.ടി പ്രാബല്യത്തിലാക്കിക്കൊണ്ടുള്ള സർക്ക മുൻകാല പ്രാബല്യത്തോടെ ജി.എസ്.ടി ഈടാക്കുവാൻ പരാമർശിക്കാത്തിടത്തോളം ഉ( പ്രാബല്യത്തിൽ വന്നിട്ടുള്ള തീയതിയിലെ വാങ്ങലുകൾക്ക് മാത്രം ജി.എ അനുവദിക്കാവുന്നതാണ്. ആയതിനാൽ ജി.എസ്.ടി ഇനത്തിൽ അധികമായി നല്കിയ ₹1: യുടെ സർക്കാർ സാധൂകരണം ലഭ്യമാക്കുന്നത് വരെ പ്രസ്തുത തുക ഓഡിറ്റിൽ തടസ്സപ്പെടുത്തു

## 1-15 വെള്ളക്കരകുടിശ്ശിക - വാർഷിക പിഴപ്പലിശ 24%.

ഗ്രാമപഞ്ചായത്ത് പരിധിയിൽ കുടിവെള്ളം നല്കുന്നതിന്നായി 92 പൊതുടാപ്പുകളാണ( പ്രതിമാസം ₹111619/-യാണ് കുടിവെള്ളക്കരമിനത്തിൽ പഞ്ചായത്തിൽ നിന്ന് നല്കുന്നത്. വാട്ടർ അതോറിറ്റി, മൂവാറ്റുപുഴയുടെ 10.03.2023 ലെ 72320-ാം നമ്പർ ബിൽ പ്ര ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള കുടിശ്ശിക ₹332573/-യാണ്. എന്നാൽ വെള്ളക്കരക്കുടിശ്ശികയുടെ പലിശയിനത്തിൽ വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തിൽ പ്രതിമാസം 2% നിരക്കിലാണ് പിഴ ഈടാക്കുന്നത്. ആയതിന്റെ വാർഷിക നിരക്ക ആകുന്നുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ പര്യാപ്തമായ തനത് ഫണ്ട് ഉണ്ടെന്നി(

കുടിവെള്ളകുടിശ്ശിക തീർക്കുന്നതിനായി നടപടി സ്വീകരിക്കാത്തത് ഭാവിയിൽ ബാദ്ധ്യത മാറുന്നതിന് ഇടയാക്കും. വെള്ളക്കരകുടിശ്ശിക തീർക്കുന്നതിനവശ്യമായ നടപ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 18.08.2 നല്കിയ 9-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നിലവിൽ ഗ്രാമപഞ്ചായത്തിന് അതോറിറ്റിയിൽ കുടിശ്ശികയായി തുകയൊന്നും നൽകാനില്ലെന്നും, അടവാക്കിയ യഥാർത്ഥ കണക്കിൽ വരവ് വെയ്ക്കാതിരുന്നതിനാലാണ് കുടിശ്ശിക വന്നിട്ടുള്ള കണക്കുകൾ കൃത്യമായി കാണിക്കുകയും നിരവധി കത്തുകൾ നൽകിയിട്ടും വാട്ടർ അ നൽകുന്ന ബില്ലുകളിൽ കുടിശ്ശിക സഹിതമുള്ള തുകയാണ് കാണിക്കുന്നതെന്നും ലഭ്യമാക്കി. ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ട് ധാരാളം ഉണ്ടെന്നിരിക്കെയും, സ്വയംഭരണ വകുപ്പിന്റെ 07.03.2022 ലെ സർക്കാർ ഉത്തരവ് (സാധാ)നം538/2022 പ്ര ഗ്രാമപഞ്ചായത്തിന്റെ വെള്ളക്കര കുടിശ്ശിക സി.എഫ്.സി. ഫണ്ടിൽ നിന്ന് അടവാക്കു നിഷ്ക്കർഷിച്ചിട്ടുള്ളതിനാൽ വെള്ളക്കരം കുടിശ്ശികയാക്കുന്നത് അംഗീകരിക്കാനാ നടപടിയാണ്. നിലവിൽ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജൽജീവൻ വഴി ഗാർഹിക കുടിവെള്ള കണക്ഷൻ ഒട്ടുമിക്ക ഗുണഭോക്താക്കൾക്കും ലഭ്യമായിട്ടുള്ളതി അനാവശ്യമായതും ഉപയോഗശൂന്യമായതുമായ പൊതുടാപ്പുകൾ കട്ട് ചെയ്യുന്നതിന്നാവശ നടപടികൽ സ്വീകരിക്കേണ്ടതാണ്. അടിയന്തരമായി വെള്ളക്കര കുടിശ്ശിക അട ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 മരുന്ന് ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം ,പേര് | എസ്0095/23, എഫ്.എച്ച്.സി മരുന്ന് വാങ്ങൽ | | |
|---|---|---|---|
| അടങ്കൽ.ഫണ്ട് | 100000/-, മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം<br>200000/-, വികസനഫണ്ട് (പൊതുവിഭാഗം) | | |
| ചെലവ് | ബിൽ | തുക | തീയതി |
| | 22120852006200662406 | 50000 | 18.10.2022 |
| | 22120852006200711605 | 49830 | 31.10.2022 |
| | 22120852006200898457 | 29749 | 13.12.2022 |
| | 22120852006200931355 | 14965 | 19.12.2022 |
| | 22120852006201082169 | 14729 | 24.01.2023 |
| | 22120852006201082162 | 14965 | 24.01.2023 |
| | 22120852006201200193 | 14933 | 16.02.2023 |
| | 22120852006201238482 | 28951 | 24.02.2023 |
| | 22120852006201283171 | 23247 | 03.03.2023 |
| | 22120852006201572839 | 17508 | 31.03.2023 |
| | 22120852006201572871 | 40949 | 31.03.2023 |
| | **ആകെ** | **2,99,826** | |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, നേര്യമംഗലം | | |

എഫ്.എച്ച്.സി.നേര്യമംഗലത്തിലേക്ക് മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ ഓഫ എഫ്.എച്ച്.സി,നേര്യമംഗലം, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമ തിരുവനന്തപുരത്തിന്റെ 21.09.2022ലെ PRF 1407 പ്രൊഫോർമ ഇൻവോയ്സ് പ്ര ₹50000/- അക്കൗണ്ട് 36240018000000019 നമ്പറിലേക്ക് തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്,തിരുവനന്തപുരത്തിൽ ഇതേവരെ ₹32352/- രൂപയുടെ മരുന്ന് ലഭ്യമായതിന്റെ ബില്ലുകൾ മാത്രമാണ് ഫയലിൽ പരിശോധനയ്ക്ക് ലഭിച്ചത്. ഇനിയും ₹17648/- യുടെ മരുന്ന് കേരള മെഡിക്കൽ സർവ്വ കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് ലഭിച്ചതിന്റെ ബില്ലും ആയതിന്റെ സ്റ്റോക്ക് രജ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. ആകെ ₹299826/- യുടെ മരുന്നുകൾ സർക്കാർ അംഗ ഏജൻസികളിൽ നിന്ന് വാങ്ങിയിട്ടുണ്ടെങ്കിലും മേൽ പരാമർശിത ബില്ലിൽ നിന ₹17648/- യുടെ മരുന്ന് ലഭ്യമാകാത്തത്. ആയത് ഓഡിറ്റിനായി ഹാജരാക്കേണ്ട എന്നാവശ്യപ്പെട്ട് കൊണ്ട് 21.08.2023 ൽ നല്കിയ 23-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കു മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മരുന്ന് ലഭിച്ചതിന്റെ രേഖകൾ ഓഡിറ്റി ഹാജരാക്കുന്നത് വരെ ₹17648/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 വക്കീൽ ഫീസ് - ആദായ നികുതി ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വ്യവഹാരങ്ങൾ കൈകാര്യം ചെയ്യുന്ന അഡ്വ ശ്രീ പിയൂസ്.എ.കൊറ്റമിന് 2022-23 സാമ്പത്തിക വർഷം താഴെച്ചേർക്കുംവിധം നല്കിയിട്ടുണ്ട്.

| ക്രമ നം | കേസ് | തുക | ചെക്ക് | തീയതി | ഈടാക്കേണ്ട നികുതി (10%) |
|---|---|---|---|---|---|
| 1 | WP(C)12751/2013 | 10000 | 0101015562 | 23.06.2022 | 1000 |
| 2 | WP(C)30613/2014 | 10000 | 0101015562 | 23.06.2022 | 1000 |
| 3 | WP(C)5905/2015 | 10000 | 0101015562 | 23.06.2022 | 1000 |
| 4 | WP(C)12024/2015 | 10000 | 0101015562 | 23.06.2022 | 1000 |
| 5 | WP(C)1254/2015 | 10000 | 0101015562 | 23.06.2022 | 1000 |
| 6 | WP(C)39717/2015 | 10000 | 0101015562 | 23.06.2022 | 1000 |
| 7 | WP(C)39731/2026 | 10000 | 0101015562 | 23.06.2022 | 1000 |
| 8 | WP(C)22910/2016 | 10000 | 0101015562 | 23.06.2022 | 1000 |
| 9 | WP(C)10972/2016 | 10000 | 0101015562 | 23.06.2022 | 1000 |
| 10 | WP(C)26862/2016 | 10000 | 0101015562 | 23.06.2022 | 1000 |
| 11 | WP(C)35303/2017 | 5000 | 0101015562 | 23.06.2022 | 500 |
| 12 | WP(C)4642/2017 | 10000 | 0101015562 | 23.06.2022 | 1000 |
| 13 | WP(C)5309/2017 | 10000 | 0101015562 | 23.06.2022 | 1000 |
| 14 | WP(C)11103/2017 | 10000 | 0101015562 | 23.06.2022 | 1000 |
| | ആകെ | 135000 | | | 13500 |

ആദായനികുതി വകുപ്പിന്റെ 194 (J) ആക്ട് പ്രകാരം പ്രൊഫഷണൽ പ്രവൃത്തികളിൽ ഏർ
വ്യക്തികളിൽ നിന്നും അവർക്ക് നല്കുന്ന ഫീസിൽ നിന്ന് 10% തുക ആദായനികുതി
ഈടാക്കാമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും അഡ്വ
ശ്രീ പിയൂസ്.എ.കൊറ്റമിൽ നിന്നും 13500/- രൂപ ഈടാക്കിയതായി കാണ
വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 18.08.2023 ൽ നല്കിയ 10-ാം
അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അഡ്വക്കേറ്റ്
പിയൂസ്.എ.കൊറ്റമിൽ നിന്നും 13500/- രൂപ ഈടാക്കി ബന്ധപ്പെട്ട ഹെ
അടവാക്കേണ്ടതും ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-18 വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങൽ രേഖകൾ ഹാജരാക്കിയ**

| | | | |
|---|---|---|---|
| പ്രോജക്ട് നം, പേര് | എസ് 0283/23, വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങൽ | | |
| അടങ്കൽ.ഫണ്ട് | ₹15610/-, വികസനഫണ്ട് (പൊതുവിഭാഗം)<br>₹4390/-, തനത് ഫണ്ട്<br>ആകെ ₹20000/- | | |
| ചെലവ് | ബിൽ | തുക | തീയതി |
| | 22120852006201510666 | 15610/- | 28.03.2023 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>എഫ്.എച്ച്.സി, നേര്യമംഗലം | | |

വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങി നല്കുന്നതിനാണ് മെഡിക്കൽ ഓഫ
എഫ്.എച്ച്.സി, നേര്യമംഗലം നിർവ്വഹണോദ്യോഗസ്ഥനായി മേൽ പ്രേ
ആവിഷ്കരിച്ചിട്ടുള്ളത്. വിവിധ സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ച
അടിസ്ഥാനത്തിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ പെലിക്കൺ ഫാർമയിൽ നിന്ന്
Silver Wheel Chair Ecomed 2 എണ്ണവും Vissco 9934 Medipediic Walker 7 എണ്ണവും
നല്കിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ താഴെചേർത്തിട്ടുള്ള അപാകങ്ങൾ കാ

1) മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള പഞ്ചായത്ത് കമ്മറ്റി അംഗീകരി
ഗുണഭോക്താക്കളുടെ ലിസ്റ്റ്.

2) ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ / ഉപകരണങ്ങൾ കൈപ്പറ്റിയതിന്റെ രേ

3) ഗുണഭോക്താക്കൾ സഹായ ഉപകരണങ്ങൾക്ക് അർഹരാണെന്ന് തെളിയിക്കുന്ന ബന
ഡോക്ടറുടെ സർട്ടിഫിക്കറ്റ്

4) ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ.

മേൽ പരാമർശിച്ചിട്ടുള്ള രേഖകൾ ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ട് കൊണ്ട് 23.08.2
നല്കിയ 25-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയത
പ്രസ്തുത രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നത് വരെ ഇതിനായി ചെലവഴിച്ച ₹15
ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ വാങ്ങി-വിതരണ രേഖയില്ല

| | | | |
|---|---|---|---|
| പ്രോജക്ട് നം ,പേര് | എസ് 0002/23, പാലിയേറ്റീവ് കെയർ | | |
| അടങ്കൽ.ഫണ്ട് | 752390/-, വികസനഫണ്ട് (പൊതുവിഭാഗം) | | |
| ചെലവ് | ബിൽ | തുക | തീയതി |
| | 22120852006201217315 7 | 95250 | 06.06.2022 |
| | 22120852006201232075 1 | 51367 | 16.07.2022 |
| | 22120852006201242319 0 | 42060 | 17.08.2022 |
| | 22120852006201250634 0 | 38210 | 03.09.2022 |
| | 22120852006201259823 8 | 43676 | 30.09.2022 |
| | 22120852006201289844 6 | 172298 | 13.12.2022 |
| | 22120852006201102792 6 | 39405 | 11.01.2023 |
| | 22120852006201102796 6 | 49950 | 11.01.2023 |
| | 2212085200620120019 1 | 63760 | 16.02.2023 |
| | 2212085200620123847 9 | 49460 | 24.02.2023 |
| | 2212085200620128858 4 | 54660 | 04.03.2023 |
| | ആകെ | ₹700096/- | |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>എഫ്. എച്ച്.സി, നേര്യമംഗലം | | |

